DESPATCHED
On. 27/11/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

**ഹർജി നമ്പർ**

**സി.പി.628(3)/2021/എസ്.ഐ.സി**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടി ക്രമം**

**തീയതി – 17.11.2021**

**സന്നിഹിതൻ**

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.പ്രഭാകരൻ
സെക്രട്ടറി
സ്വാശ്രയ മട്ടാഞ്ചേരി
കൊച്ചി 2 } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കൊച്ചി നഗരസഭ സോണൽ ഓഫീസ്,
ഫോർട്ട് കൊച്ചി, കൊച്ചി 682 001
2) അപ്പീൽ അധികാരി
കൊച്ചി നഗരസഭ സോണൽ ഓഫീസ്,
ഫോർട്ട് കൊച്ചി, കൊച്ചി 682 001 } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19.02.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | |
| കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ച തീയതി | |
| ഹർജിക്കാരന്റെ പരാതി ഹർജി കൈപ്പറ്റിയ തീയതി | 08.11.2021 |

## ഉത്തരവ്

എ.പി.677(3)/2019/എസ്.ഐ.സി., എ.പി.678(3)/2019/എസ്.ഐ.സി., എ.പി.679(3)/2019/എസ്.ഐ.സി., എ.പി.674(3)/2019/എസ്.ഐ.സി., എ.പി.675(3)/2019/എസ്.ഐ.സി., എ.പി.676(3)/2019/എസ്.ഐ.സി., എന്നീ നമ്പരുകളിലായുള്ള അപ്പീൽ ഹർജികളിലെ കമ്മീഷൻ ഉത്തരവുകൾ നടപ്പാക്കിയിട്ടില്ല എന്നാരോപിച്ചുകൊണ്ടാണ് ശ്രീ.കെ.പ്രഭാകരൻ ഈ പരാതി ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്. ഹിയറിംഗിൽ ഹാജരായ ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ നിന്നും ഹർജിക്കാരന്റെ ആരോപണം ശരിയാണെന്ന് ബോദ്ധ്യമാകുന്നു. രേഖകൾ കണ്ടുപിടിച്ച് നൽകുന്നതിനുള്ള പ്രായോഗിക വിശദീകരണം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ.) നൽകിയത് അംഗീകരിക്കാവുന്നതല്ല.

2. ഒരു പൊതു അധികാര സ്ഥാനത്ത് ലഭ്യമായിട്ടുള്ള വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം പൊതുജനത്തിന് എളുപ്പത്തിൽ ലഭ്യമാക്കത്തക്കവിധം ശേഖരിച്ചു വെയ്ക്കുവാനുള്ള ഉത്തരവാദിത്വം വിവരാവകാശ നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം ഓരോ പൊതു അധികാര സ്ഥാനത്തിന്റെയും നിയമപരമായ ബാധ്യതയാണ്. ശ്രീ.കെ.പ്രഭാകരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമാകുവാനുതകുന്നവിധം സൂക്ഷിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷൻ എന്ന പൊതു അധികാര സ്ഥാനം പരാജയപ്പെട്ടിരിക്കുകയാണ്. ആയതിനാൽ വിവരാവകാശ നിയമത്തിലെ 19(8) (ബി) വകുപ്പ് പ്രകാരം ആവശ്യപ്പെട്ട വിവരം ലഭിക്കാഞ്ഞതുവഴി ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ കൊച്ചി കോർപ്പറേഷൻ ബാധ്യസ്ഥമാണ്. അതിനാൽ തനിക്കുണ്ടായ കഷ്ടനഷ്ടങ്ങൾ സാമ്പത്തിക അടിസ്ഥാനത്തിൽ കണക്കാക്കി കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം അർഹമായ നഷ്ടപരിഹാരം കൊച്ചിൻ കോർപ്പറേഷനിൽനിന്ന് വിവരാവകാശ നിയമത്തിന്റെ 19(8)(ബി) വകുപ്പ് പ്രകാരം ഈടാക്കി നൽകുന്നകാര്യം കമ്മീഷൻ പരിഗണിക്കുന്നതാണ്.

**(ഒപ്പ്)**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**
NAS